**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1422** **10-10-2024 - ൽ മറുപടിയ്ക്ക്**

**സ്പെഷൽ സ്കൂളുകളോട് അവഗണന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്പെഷ്യൽ സ്കൂളുകൾക്ക് സർക്കാരിന്റെ പ്രവർത്തനാനുമതിയും ബഡ്ജറ്റിൽ നീക്കിവച്ച വിഹിതവും ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ, ഇതിന് ആധാരമായ സർക്കാർ ഉത്തരവിന്റെ വിശദാംശങ്ങൾ നൽകാമോ; | (എ) | **10.05.2023 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നം 56/2023/പൊവിവ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് സ്പെഷ്യൽ സ്കൂളുകൾക്ക് 2023-24-ൽ സാമ്പത്തിക സഹായം ലഭ്യമാക്കിയത്. ആയതിൽ മാറ്റങ്ങൾ ആവശ്യപ്പെട്ട് വിവിധ സംഘടനകൾ സമർപ്പിച്ച നിവേദനങ്ങളെ തുടർന്ന് മാനദണ്ഡങ്ങളിൽ ചില ഭേദഗതികൾ വരുത്തി 03.10.2024-ലെ സ.ഉ.(കൈ) നം. 126/2024/ പൊ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.** |
| (ബി) | നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം 19 കുട്ടികൾ വരെ പഠിക്കുന്ന സ്ഥാപനങ്ങൾക്ക് സഹായം നിഷേധിക്കപ്പെടുന്ന അവസ്ഥ ഉണ്ടായിട്ടുണ്ടോ; ബഡ്സ് സ്കൂളുകളിൽ ഒരു കുട്ടി മാത്രമേയുള്ളൂവെങ്കിൽ പോലും പ്രവർത്തനാനുമതിയും ധനസഹായവും സർക്കാർ നൽകുമ്പോൾ ഇപ്രകാരം ഒരു വിവേചനം സ്പെഷ്യൽ സ്കൂളുകളുടെ കാര്യത്തിൽ വരാനിടയായ സാഹചര്യം വിശദീകരിക്കാമോ; | (ബി) | 10.05.2023 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നം 56/2023/പൊവിവ പ്രകാരം സ്പെഷ്യൽ സ്കൂളുകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് 18 വയസ്സിൽ താഴെ പ്രായമുള്ള 20 കുട്ടികൾ വേണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിലാണ് സ്പെഷ്യൽ സ്കൂളുകൾക്ക് സാമ്പത്തിക സഹായം നല്കി വരുന്നത്. ഈ നിബന്ധനയിൽ ഇളവ് അനുവദിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. ബഡ്സ് സ്കൂളുകൾ സാമൂഹിക സുരക്ഷയുടെ ഭാഗമായി നിലകൊള്ളുന്ന സ്ഥാപനങ്ങളാകയാൽ കുട്ടികളുടെ എണ്ണം സംബന്ധിച്ച് ഇളവ് നൽകാമെന്ന് പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. |
| (സി) | സ്പെഷ്യൽ സ്കൂളുകളുടെ കാര്യത്തിൽ വിദ്യാർത്ഥികളുടെ എണ്ണത്തെക്കുറിച്ചുള്ള സർക്കാർ ഉത്തരവിലെ അപാകതകൾ പരിഹരിച്ച് ഈ രംഗത്തെ പ്രതിസന്ധി ഒഴിവാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കാമോ? | (സി) | 10.05.2023 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നം 56/2023/പൊവിവ പ്രകാരം സ്പെഷ്യൽ സ്കൂളുകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് 18 വയസ്സിൽ താഴെ പ്രായമുള്ള 20 കുട്ടികൾ വേണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിലാണ് സ്പെഷ്യൽ സ്കൂളുകൾക്ക് സാമ്പത്തിക സഹായം നല്കി വരുന്നത്. ഈ നിബന്ധനയിൽ ഇളവ് അനുവദിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. ബഡ്സ് സ്കൂളുകൾ |

| | | | |
|---|---|---|---|
| | | | സാമൂഹിക സുരക്ഷയുടെ ഭാഗമായി നിലകൊള്ളുന്ന സ്ഥാപനങ്ങളാകയാൽ കുട്ടികളുടെ എണ്ണം സംബന്ധിച്ച് ഇളവ് നൽകാമെന്ന് പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ